# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3414  25.06.2012 -ൽ മറുപടിയ്ക്ക്**

**മാവോയിസ്റ്റുകളുടെ പ്രവർത്തനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ കെ. എൻ. എ. ഖാദർ :<br>ശ്രീ പി. കെ. ബഷീർ :<br>ശ്രീ കെ. മുഹമ്മദുണ്ണി ഹാജി : | | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) സമീപ സംസ്ഥാനങ്ങളിൽ സജീവമായ മാവോയിസ്റ്റുകളുടെ പ്രവർത്തനം സംസ്ഥാനാതിർത്തിക്കുള്ളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള ശ്രമം നടക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഈ ഭീഷണിയെ ഏതുവിധത്തിൽ നേരിടാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാന പോലീസും, വനംവകുപ്പും സംയുക്തമായി ചേർന്ന് ഈ ഭീഷണിയെ ഫലപ്രദമായി നേരിടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം പ്രവർത്തനങ്ങളെക്കുറിച്ചുള്ള രഹസ്യ വിവരങ്ങൾ ശേഖരിക്കാൻ സംസ്ഥാന ഇന്റലിജൻസ് വിഭാഗം നടപടികളെടുക്കുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിലെ പോലീസുമായി ബന്ധപ്പെട്ട് സംയോജിത നടപടികളെടുക്കാനുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. |
| സി) സാമാന്യ ജീവിതസാഹചര്യങ്ങളും സാമൂഹ്യനീതിയും ലഭ്യമാകാത്ത മേഖലകളിലെ ജനങ്ങളും ചൂഷണ വിധേയരാകുന്ന ആദിവാസി ഗോത്ര വിഭാഗങ്ങളും മാവോയിസ്റ്റ് പ്രവർത്തകരുടെയും സമാന സംഘടനകളുടെയും കപട വാഗ്ദാനങ്ങളിൽ കുടുങ്ങി, നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന സ്ഥിതി വിശേഷം വിലയിരുത്തിയിട്ടുണ്ടോ; | (സി), (ഡി) & (ഇ) | ആദിവാസി ഗോത്ര വിഭാഗങ്ങൾ മാവോയിസ്റ്റ് പ്രവർത്തകരുടെയും സമാന സംഘടനകളുടെയും കപട വാഗ്ദാനങ്ങളിൽ കുടുങ്ങി, നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ ഈ മേഖലകളിൽ ഫലപ്രദമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്താൻ ആഭ്യന്തരം, വനം, പട്ടിക ജാതി / പട്ടിക വർഗ്ഗ വികസനം, |

| | |
|---|---|
| ഡി) സർക്കാർ ആവിഷ്ക്കരിച്ച നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ ശരിയായവിധം ഈ മേഖലകളിൽ നടക്കാത്തതുമൂലം നിയമ വിരുദ്ധ മനോഭാവം ഇവർക്കിടയിൽ വളരാൻ കാരണമാകുന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; | വിദ്യാഭ്യാസം, സിവിൽ - സപ്ലൈസ്, ആരോഗ്യം എന്നീ വകുപ്പുകൾ സംയോജിത ശ്രമങ്ങൾ നടത്തുന്നുണ്ട്. |
| ഇ) ക്ഷേമ പ്രവർത്തനങ്ങൾ സന്തുലിതമായവിധം എല്ലാ പ്രദേശങ്ങളിലും ഫലപ്രദമായി നടപ്പാക്കുന്നതിന് കാര്യക്ഷമമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി നിലവിലെ സാഹചര്യം മാറ്റിയെടുക്കാൻ മറ്റു വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ